"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ജീവനക്കാര്യം - ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ് (PEN : 445199) - ന് അനുവദിച്ച 5 ദിവസങ്ങളിലെ ശൂന്യവേതനാവധി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2350/2026/GAD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 2870/2025/GAD തീയതി, 02.07.2025.
2. ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ് സമർപ്പിച്ച 21.04.2026 - ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ കൊട്ടാരക്കര അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്നതുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ് - ന് പരാമർശം (1) പ്രകാരം 01.07.2025 മുതൽ 31.03.2026 വരെയുള്ള 274 ദിവസങ്ങളിൽ കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഔദ്യോഗിക ചുമതലകൾ ഉണ്ടായിരുന്നതിനാൽ 05.07.2025 അപരാഹ്നത്തിൽ മാത്രമാണ് തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിന്ന് വിടുതൽ ചെയ്യാൻ സാധിച്ചത് എന്നതിനാൽ 01.07.2025 മുതൽ 05.07.2025 വരെയുള്ള അവധി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ് (PEN : 445199) - ന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച 01.07.2025 മുതൽ 31.03.2026 വരെയുള്ള 274 ദിവസങ്ങളിലെ ശൂന്യവേതനാവധിയിൽ നിന്ന് 01.07.2025 മുതൽ 05.07.2025 വരെയുള്ള 5 ദിവസങ്ങളിലെ ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്രലേഖ കെ കെ കെ എ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. ഗായത്രി ജി.ആർ. കെഎഎസ്, അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസർ, കൊട്ടാരക്കര, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Cuckoo Abraham

Date: 13-05-2026 17:37:12

സെക്ഷൻ ഓഫീസർ